പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5356 — 26.03.2018-ൽ മറുപടിക്ക്

കായൽ കയ്യേറ്റങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കായൽ കയ്യേറ്റങ്ങളെ കുറിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; | (എ) | കായൽ കയ്യേറ്റം സംബന്ധിച്ച് പ്രത്യേകമായി കണക്കെടുപ്പ് നടത്തിയിട്ടില്ല. പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ കായൽ കയ്യേറ്റങ്ങളൊന്നുമില്ല എന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കായൽ കയ്യേറ്റങ്ങൾ സംബന്ധിച്ച് ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കയ്യേറിയ സ്ഥലം തിരിച്ച് പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായൽ കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു ; | (ബി) | റവന്യൂ സർവ്വേ ടീമുകൾ രൂപീകരിച്ച് കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തിയിട്ടുള്ളതും കേരള ഭൂ സംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും പുതിയ കയ്യേറ്റങ്ങൾ തടയുന്നതിനുമായി ജില്ലാ തലത്തിൽ ഇൻലാന്റ് നാവിഗേഷൻ, ഇറിഗേഷൻ, പോലീസ് റവന്യൂ വകുപ്പുകളെ സംയോജിപ്പിച്ച് ഒരു പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വെള്ളായണി കായൽ കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കി കയ്യേറ്റങ്ങൾക്കെതിരെ ഭൂ സംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിനായി കല്ലിയൂർ, വെങ്ങാനൂർ ഗ്രാമപഞ്ചായത്തുകൾക്ക് റിക്കോർഡുകൾ കൈമാറിയിട്ടുണ്ട്. |
| (സി) | കായൽ കയ്യേറ്റം വൻതോതിലുള്ള പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ? | (സി) | കായൽ കയ്യേറ്റം പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാൽ കർശന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ